LIBRARY ARCHIVES Kerala Legislative Assembly

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ സേവനം

108 (4459) ശ്രീ പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണ വകുപ്പിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി ഡയറക്ടറുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തസ്തികയിലേക്ക് നിയമനം ലഭിക്കുന്നതിന് വേണ്ട അടിസ്ഥാന യോഗ്യതകൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ ;

(സി) ഡയറക്ടറുടെ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം സാധ്യമാണോ ;

(ഡി) ഡയറക്ടറുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നതുമൂലം വകുപ്പിലെ ജീവനക്കാർക്കും പൊതുജനത്തിനും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ഈ തസ്തികയിലേക്ക് നിയമനം നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ തസ്തിക ഒഴിഞ്ഞു കിടക്കുകയല്ല. വകുപ്പിലെ സീനിയർ തസ്തികയിലുള്ള അഡീഷണൽ ഡയറക്ടർക്ക് ഡയറക്ടറുടെ ചുമതല നൽകിയിട്ടുണ്ട്.

(ബി) വെറ്ററിനറി സയൻസ് ബിരുദം, വെറ്ററിനറി സയൻസിൽ മൂന്നു മാസത്തിൽ കുറയാത്ത അഡ്വാൻസ്ഡ് ട്രെയിനിംഗ് പ്രോഗ്രാം എന്നിവയാണ് ആവശ്യമായ യോഗ്യതകൾ.

(സി) സാദ്ധ്യമാണ്.

(ഡി) ഡയറക്ടർ തസ്തികയിൽ ആ വകുപ്പിലെ അഡീഷണൽ ഡയറക്ടർക്ക് തന്നെ അധിക ചുമതല നൽകിയിട്ടുണ്ട്. ജീവനക്കാർക്കോ പൊതുജനങ്ങൾക്കോ ബുദ്ധിമുട്ട് ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മലപ്പുറം ജില്ലയിലെ മൃഗസംരക്ഷണ കേന്ദ്രങ്ങളിലുള്ള ജീവനക്കാരുടെ ഒഴിവുകൾ

109 (4460) ശ്രീ കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ മൃഗസംരക്ഷണ കേന്ദ്രങ്ങളിൽ നിലവിൽ എത്ര ജീവനക്കാരുടെ ഒഴിവുകളുണ്ട് ; കേന്ദ്രം/തസ്തിക തിരിച്ച് വിശദമാക്കുമോ ;